കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/ബി.പി-143/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477 2252753

തീയതി: 08.02.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്

.

സർ,

വിഷയം:- ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2017 -18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/ബി.പി-143/2019 തീയതി: 08.02.2019

## ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.11.2017 മുതൽ 21.11.2018വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ശ്രീ.സാബു ജോസഫ്,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 21.11.2018 മുതൽ<br>29.11.2018 വരെ | ശ്രീ.ബി.ലിജിലാൽ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി.മായാദേവി.സി.എസ്,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.സുഷ.റ്റി.പിള്ള,സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1. പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.എൻ.സുധാമണി | 01.04.2017 മുതൽ 31.03.2018 വരെ |

2. സെക്രട്ടറി

| | |
|---|---|
| ശ്രീ.എസ്.ഹർഷൻ | 01.04.2017മുതൽ 31.03.2018വരെ |

3. സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.ജി.വിവേക് | 01.04.2017 മുതൽ 31.03.2018 വരെ |
| 2 | വികസനകാര്യം | ശ്രീ.ജി.കൃഷ്ണകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.ഷാലിനി | 01.04.2017 മുതൽ 31.03.2018 വരെ |

| | | | |
|---|---|---|---|
| 4 | ആരോഗ്യകാര്യം വിദ്യാഭ്യാസകാര്യം | ശ്രീമതി.ശ്രീവിദ്യ രാഘവൻ | 01.04.2017 മുതൽ 31.03.2018 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | ഉദ്യോഗ പേര് | ഉദ്യോഗസ്ഥരുടെ പേര് | കാലയളവ് |
|---|---|---|---|
| 1 | സെക്രട്ടറി | ശ്രീ.എസ്.ഹർഷൻ | 01.04.2017മുതൽ 31.03.2018വരെ |
| 2 | എ.ഡി.എ | ശ്രീമതി.സാറാ.റ്റി.ജോൺ | 01.04.2017മുതൽ 31.03.2018വരെ |
| 3 | എം.ഒ.(സി.എച്ച്.സി) | ഡോ.ചിത്രാ സാബു | 01.04.2017മുതൽ 31.03.2018വരെ |
| 4 | സി.ഡി.പി.ഒ | ശ്രീമതി.സിസിലി.പി | 01.04.2017മുതൽ 31.03.2018വരെ |
| 5 | എസ്.സി.ഡി.ഒ | ശ്രീമതി.സജിനി മോൾ | 01.04.2017മുതൽ 19.09.2017 വരെ |
| | | ശ്രീ.സുനിൽ (ചാർജ്) | 19.09.2017മുതൽ 13.10.2017വരെ |
| | | ശ്രീമതി.രജനി.എ | 13.10.2017മുതൽ 31.03.2018വരെ |
| 6 | എ.എക്സ് .ഇ | ശ്രീമതി.ശ്രീകല.കെ.ജി | 01.04.2017മുതൽ 31.03.2018വരെ |
| 7 | എ.ഇ | ശ്രീമതി.ഷംല.എസ് | 01.04.2017മുതൽ 16.02.2018വരെ |
| | | ശ്രീമതി.ഇന്ദു.എൽ.ആർ | 07.02.2017മുതൽ 31.03.2018വരെ |
| 8 | ഐ.ഇ.ഒ | ശ്രീ.ഗോകുൽ രാജ് | 01.04.2017മുതൽ 31.03.2018വരെ |
| 9 | ഡി.ഇ.ഒ | ശ്രീമതി.കെ.കെ.ഉഷാ ഭായ് | 01.04.2017മുതൽ 31.03.2018വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1 മുതൽ 1-9 വരെ | പൊതു അവലോകനം |
| ഭാഗം 2 | | |
| 2 | 2-1 | സാംഖ്യ രസീത് സമ്പ്രദായം നടപ്പിലാക്കുന്നില്ല |
| 3 | 2-2 | ടെൻഡർ ഫീസിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിക്കുവാനുള്ളത് 1.92 ലക്ഷം |
| ഭാഗം 3 | | |
| 4 | 3-1 | വിവിധ പാടശേഖരങ്ങളിലേക്ക് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - 33.75 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയുടെ പക്കൽ നിക്ഷേപമായി തുടരുന്നു |

| | | |
|---|---|---|
| 5 | 3-2 | സമഗ്ര സൗരോർജ്ജ യൂണിറ്റ് - ഉപഭോഗശേഷം മിച്ചമുള്ള വൈദ്യുതിയുടെ ചാർജ് ലഭിച്ചിട്ടില്ല |
| 6 | 3-3 | ഐ.എ.വൈ/പി.എം.ഐ.വൈ പദ്ധതികളിൽ കോടികളുടെ നീക്കിയിരിപ്പ് |
| 7 | 3-4 | സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല |
| 8 | 3-5 | എഗ്രിമെന്റ് വച്ച് പ്രവൃത്തിയുടെ നിർവ്വഹണം ഏറ്റെടുത്ത കരാറുകാരൻ രണ്ടു വർഷമായിട്ടും വേല ആരംഭിച്ചിട്ടില്ല |
| 9 | 3-6 | ടാർ വർക്കുകളുടെ കരാറുകാരിൽ നിന്നും ബാരൽവില ഈടാക്കിയില്ല |
| 10 | 3-7 | ചെലവഴിക്കാത്ത ബ്ലോക്ക് വിഹിതം തിരികെ അടച്ചില്ല |
| 11 | 3-8 | പാലിന് ഇൻസന്റീവ് - ചെലവഴിക്കാതെ അവശേഷിച്ച തുക സർക്കാരിലേക്ക് തിരികെ അടച്ചില്ല |
| 12 | 3-9 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകി |
| 13 | 3-10 | ജെ.എൽ.ജി-കൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിച്ചത് - റിക്കപ്പ്മെന്റ് നടപടികൾ സ്വീകരിച്ചില്ല |
| 14 | 3-11 | പാണ്ടനാട് സി എച്ച് സിയിലെ രേഖകൾ പ്രളയത്തിൽ നഷ്ടപ്പെട്ടു |
| 15 | 3-12 | വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല |
| 16 | 3-13 | ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തി |
| 17 | 3-14 | തുടർ സാക്ഷരതാപഠിതാക്കൾക്ക് ഫീസ് അടയ്ക്കൽ-അനുബന്ധ രേഖകൾ ഹാജരാക്കിയില്ല |
| 18 | 3-15 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു |
| ഭാഗം 4 | | |
| 19 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 20 | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 21 | അനുബന്ധം2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 23.03.2017 തീയതിയിലെ I (1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 267672257 | 264576538 |
| വാർഷിക കണക്ക് പ്രകാരം | 101023417 | 114194620 |

1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|

| | |
|---|---|
| 31.07.2018 | 21.11.2018 |

1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.07.2018 | |

1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 80006948 |
| വരവ് | 101023417 |
| ആകെ | 181030365 |
| ചെലവ് | 114194620 |
| നീക്കിയിരിപ്പ് | 66835745 |

1-5) ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വി.ഫണ്ട് (ജനറൽ) | 0 | 28212194 | 28212194 | 25294324 | 2917870 |
| വി.ഫണ്ട് (എസ്.സി.പി) | 0 | 19547162 | 19547162 | 19544031 | 3131 |
| വി.ഫണ്ട്(ടി.എസ്.പി) | 0 | 15000 | 15000 | 15000 | 0 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | 3572000 | 3572000 | 3572000 | 0 |
| ട്രഷറി റ്റി.എസ്.ബി. (ജനറൽ പർപ്പസ്) | 4444573 | 3830950 | 8275523 | 4726298 | 3549225 |
| സാക്ഷരത | | 52838 | 52838 | 52838 | 0 |
| ഐ.എ.വൈ അഡ്മിൻ | 14322 | 25568 | 39890 | 39668 | 222 |
| ഐഎവൈ പ്ലാൻ | 65005640 | 10955500 | 75961140 | 24100595 | 51860545 |
| സൈൻ | 53866 | 0 | 53866 | 0 | 53866 |
| എം കെ എസ് പി | 0 | 51400 | 51400 | 47467 | 3933 |
| ടി എസ് സി | 1718186 | 501931 | 2220117 | 466153 | 1753964 |
| ലൈഫ് മിഷൻ | 0 | 14522642 | 14522642 | 0 | 14522642 |

1-6) പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 73 | 85564781 | 59 | 49391703 | - | 14 | 58% |

1-7) ആഭ്യന്തര നിയന്ത്രണ സംവിധാനം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. പുതുക്കിയ ബജറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയതായി മിനിട്സിൽ രേഖയില്ല.
2. സ്ഥാപനത്തിന്റെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷനുകളിൽ അപാകതയുണ്ട്. എന്നാൽ ഇതിന്റെ ആധികാരികത ഉയർന്ന തലത്തിൽ സൂക്ഷ്മപരിശോധന ചെയ്യപ്പെടുന്നില്ല.
3. സ്ഥാപനത്തിന്റെ പേരിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും വിവരങ്ങൾ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടില്ല. വാർഷിക കണക്കിൽ ഉൾപ്പെടാത്ത ബാങ്ക് അക്കൗണ്ടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
4. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഇലക്ട്രോണിക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, സോളാർ പവർ പ്ലാന്റിന്റെ ഉപഭോഗ സംബന്ധമായ രജിസ്റ്റർ എന്നിവ പരിപാലിക്കപ്പെടുന്നില്ല.
5. സ്ഥാപനത്തിൽ സാംഖ്യാ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും പണം വരവിനുള്ള രസീതുകൾ ഈ സംവിധാനത്തിൽ നൽകപ്പെടുന്നില്ല.
6. ചെക്ക്, സി.ഡി ആയി സ്ഥാപനത്തിനു ലഭിക്കുന്നതും, സെക്യൂരിറ്റി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതുമായ തുകകൾക്ക് രസീത് എഴുതിയിട്ടില്ല.

മുകളിൽ പ്രതിപാദിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

1-8) മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.06.2018 | 2017-18 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.01.2014 | 2011-12<br>-2013-14 | 28.02.2014 |

1-9 വാർഷിക കണക്ക് പരിശോധന

ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ) രസീത് &പേയ്മെന്റ് അക്കൌണ്ട്

സ്ഥാപനത്തിന്റെ *2017-18* വർഷത്തെ വരവ് - ചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെ കൊടുക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 80006948 |
| വരവ് | 101023417 |
| ആകെ | 181030365 |
| ചെലവ് | 114194620 |
| നീക്കിയിരുപ്പ് | 66835745 |

രസീത് &പേയ്മെന്റ് അക്കൌണ്ട് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.

1. നബാർഡ് അസിസ്റ്റൻസിന്റെ ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ് 1514 രൂപ. എന്നാൽ വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 15145 രൂപ. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.
2. ട്രഷറി റ്റി എസ് ബി ബാങ്ക് പാസ് ബുക്ക്(AC.no. 9) പ്രകാരമുള്ള നീക്കിയിരിപ്പ് 1212261 രൂപ. എന്നാൽ വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 3549225 രൂപ. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.
3. RP-3 പ്രകാരം വാടക ഇനത്തിൽ ലഭിച്ച 1000 രൂപയുടെ വരവ് പരിശോധിക്കാനാവശ്യമായ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
4. ഐ.ഡബ്ല്യൂ. എം.പി (അക്കൗണ്ട് നം.67198420771), പൈക (അക്കൗണ്ട് നം, എം.പി/എം. എൽ.എ ഫണ്ട്(അക്കൊണ്ട് നം. 67224662678), പി.എം.കെ.എസ്.വൈ (അക്കൗണ്ട് നം, 67391371175) ടെന്ററുമായി ബന്ധപ്പെട്ട അക്കൗണ്ട് (അക്കൗണ്ട് നം. 67391374358) സെൻസസ് (അക്കൗണ്ട് നം. 67167524085), നാഷണൽ

സേവിംഗ്സ് അക്കൗണ്ട് (അക്കൗണ്ട് നം. 707021400000014), സ്പെഷ്യൽ റ്റി.എസ്.ബി A/C ഓഫ് ബി ഡി ഓ (അക്കൗണ്ട് നം. 707021400000254), ഇൻകംടാക്സ്(അക്കൗണ്ട് നം. 67103281624) എന്നീ ഇനങ്ങളിൽ അക്കൗണ്ടുകൾ ഉണ്ടെങ്കിലും ഇവയുമായി ബന്ധപ്പെട്ട അക്കൌണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ആയതിനാൽ ഈ ഇനങ്ങളിലെ വരവുകളുടെ കൃത്യത ബോദ്ധ്യപ്പെടാൻ സാധിച്ചിട്ടില്ല.
6. ബജറ്റും വാർഷികകണക്കും തമ്മിൽ പൊരുത്തമില്ല. ബജറ്റ് പ്രകാരമുള്ള വരവ് 267672257 രൂപയാണ്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് 181030365/-രൂപയാണ് (മുന്നിരിപ്പ് ഉൾപ്പടെ).
7. RP 31 പ്രകാരമുള്ള സംയുക്ത പ്രോജക്ടുകൾക്കായുള്ള വരവുകൾ ലഭ്യമാക്കിയ രേഖകളുമായി പൊരുത്തപ്പെടുന്നില്ല.

ബി) ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

സ്ഥാപനത്തിന്റെ തൻവർഷത്തെ ആദായത്തിന്റേയും വ്യയത്തിന്റേയും സംക്ഷിപ്തം താഴെപ്പറയുന്നു.

| | |
|---|---|
| ആദായം | 103668352 |
| (-)വ്യയം | 103161546 |
| സർപ്ലസ് | 26824728 |

സി) ബാലൻസ് ഷീറ്റ്

സ്ഥാപനത്തിന്റെ 31.03.2018 ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെപ്പറയുന്നു.

| | |
|---|---|
| ആകെ ആസ്തി | 92229897 |
| (-)റിസർവ്വും earmarked fundഉം ഉൾപ്പെടെ ആകെ ബാധ്യത | 91698185 |
| പഞ്ചായത്ത് ഫണ്ട് | 531712 |

ബാലൻസ് ഷീറ്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനത താഴെപ്പറയുന്നു.

1. ധനകാര്യ വർഷത്തെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തെ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവയുൾപ്പെടുത്തിയുള്ള സ്റ്റോക്ക് റിപ്പോർട്ട് 2017-18ൽ അപ്ഡേറ്റ് ചെയ്തിട്ടില്ല.
2. ഷെഡ്യൂൾ B-5 പ്രകാരം സെക്വയർഡ് ലോൺ ഇനത്തിൽ 1525336/-രൂപ ബാദ്ധ്യതയുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം 2193378 രൂപ. വ്യത്യാസം നിലനിൽക്കുന്നു.
3. വിവിധ നിർവ്വഹണ ഏജൻസികൾക്കായി അനുവദിച്ചതും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതുമായ ഡെപ്പോസിറ്റ് തുകകൾ B-18 ൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട്,പ്രോജക്ട് നം. | തുക |
|---|---|
| പടിഞ്ഞാറ്റുതറ കോളനി കുടിവെള്ള പൈപ്പ് ലൈനും ഹാർഹിക കണക്ഷനും,S0100/18(scp) | 813750 |
| | 456250 |
| ചെറിയനാട് ഗ്രാമപഞ്ചായത്തിന് കുടിവെള്ള പൈപ്പ് ലൈനും ഗാർഹിക കണക്ഷനും,S0093/18 | 1000000 |
| | 500000 |
| ഉമയാറ്റുകര മാവേലിത്തറ മുതൽ കൊച്ചിക്കൽ വരെ ഗാർഹിക കുടിവെള്ള കണക്ഷൻ S0092/18 | 600000 |
| ലിഫ്റ്റ് ഇറിഗേഷൻ (S0080/18) | 3375000 |
| ബ്ലോക്ക്ഓഫീസ് മെയിന്റനൻസ് (പ്രോജക്ട് നം. 81/16-17) | 370000 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 സാംഖ്യ രസീത് സമ്പ്രദായം നടപ്പിലാക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിൽ 2012-13 സാമ്പത്തിക വർഷം സാംഖ്യ അധിഷ്ഠിത അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പിലാക്കിയെങ്കിലും നിലവിലും രസീതുകൾ സാംഖ്യയിലൂടെ നല്കുന്നില്ല. ബ്ലോക്ക് പഞ്ചായത്തിൽ സ്വീകരിക്കുന്ന തുകയ്ക്ക് മാന്വൽ രസീത് നല്കിയതിനു ശേഷം പിന്നീട് ഇൻററപ്റ്റഡ് രസീത് ആയി വരവുകൾ അക്കൗണ്ടിൽ ഉൾപ്പെടുത്തുന്ന രീതിയാണ് അവലംബിക്കുന്നത്. ഇത് 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം ചൂണ്ടിക്കാട്ടിയിരുന്നുവെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടില്ല. വരവുകൾക്ക് സാംഖ്യ രസീത് നല്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-2 ടെൻഡർ ഫീസിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിക്കുവാനുള്ളത് 1.92 ലക്ഷം

ബ്ലോക്ക് പഞ്ചായത്തിൽ 2015-16 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഫീസിനത്തിൽ 1,92,035/- രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ ഒടുക്കു വരുത്തിയിരുന്നു. എൻ.ഐ.സി മുഖേന പ്രസ്തുത അക്കൗണ്ടിൽ നേരിട്ട് ക്രഡിറ്റ് വന്ന ഈ തുക തിരികെ ഈടാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ മുതൽ കൂട്ടേണ്ടതാണെങ്കിലും ഈയിനത്തിൽ നാളിതുവരെ (11/2018) തുകയൊന്നും തിരികെ ലഭിച്ചിട്ടില്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ കണക്കു പ്രകാരം തിരികെ ലഭിക്കുവാനുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

2015-16 - 105210

2016-17 - 82325

2017-18 - 4500

ആകെ - 192035

ബ്ലോക്ക് പഞ്ചായത്തിന് അർഹമായ ഈ തുക തിരികെ ഈടാക്കുന്നതിലേക്കാവശ്യമായ സത്വര നടപടി സ്വീകരിക്കുവാൻ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിവിധ പാടശേഖരങ്ങളിലേക്ക് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - 33.75 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയുടെ പക്കൽ നിക്ഷേപമായി തുടരുന്നു

“വിവിധ പാടശേഖരങ്ങളിലേക്ക് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി“ എന്ന പ്രോജക്ടിന്റെ (നം.80/18) നിർവ്വഹണാർത്ഥം 33,75,000/-രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചെറുകിട ജലസേചന വിഭാഗം, ചെങ്ങന്നൂർ - ന്റെ പേരിൽ 2017-18 വർഷം നിക്ഷേപിച്ചിരുന്നു (ബിൽ നം. 7/30.11.17 - 33,40,000/-, ചെക്ക് നം.4622000/24.11.17 - 35,000/-). പുലിയൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് നം.10, ചെറിയനാട് ഗ്രാമപഞ്ചായത്തിലെ വാർഡ് നം.15, പാണ്ടനാട് ഗ്രാമപഞ്ചായത്തിലെ വാർഡ് നം.8 എന്നീ പ്രദേശങ്ങളിലുള്ള കൃഷി സൗകര്യം മെച്ചപ്പെടുത്തുന്നതിലേക്ക് 688 മീറ്റർ നീളത്തിൽ തോട്ടിലെ എക്കൽ നീക്കി മണ്ണ് ശരാശരി 60സെ.മീ താഴ്ചയിൽ നീക്കം ചെയ്ത് ജലത്തിന്റെ ഒഴുക്ക് സുഗമമാക്കുന്ന തിനും, നീർച്ചാൽ നിർമ്മാണത്തിനും, രണ്ട് പമ്പ് ഹൗസിന്റെ നിർമ്മാണത്തിനും കൂടി 12.5% സെന്റേജ് ചാർജ് ഉൾപ്പെടെ 33,75,000/-രൂപയുടെ എസ്റ്റിമേറ്റ് ചെറുകിട ജലസേചന വകുപ്പ് ചെങ്ങന്നൂർ ഡിവിഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ടി തുക മുൻകൂറായി പിൻവലിച്ച് നൽകിയത് (വികസനഫണ്ട് - 33,40,000/-, തനതുഫണ്ട് - 35,000/-). ചെറുകിട ജലസേചന വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയറും, നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിൽ 17.11.2017 – ൽ ഇതു സംബന്ധമായി കരാർ ചമച്ചിട്ടും ഉണ്ട് (നം.1//SEKDC/CGNR/17-18). എന്നാൽ എഗ്രിമെന്റിൽ വർക്കിന്റെ നിർവ്വഹണ കാലയളവ് വ്യക്തമാക്കിയിട്ടില്ല. കൂടാതെ "ടെണ്ടർ നടപടികൾ പൂർത്തിയാകുമ്പോൾ ടെണ്ടർ വേരിയേഷൻ ഇനത്തിൽ അധിക ബാധ്യത വരുന്ന പക്ഷം ടി തുക കൂടി ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് നൽകേണ്ടതാണെന്ന" വ്യവസ്ഥ എഗ്രിമെന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും 11/2017 ൽ നിർവ്വഹണ ഏജൻസിക്ക് കൈമാറി ഒരുവർഷമായിട്ടും വർക്ക് ടെൻഡർ ചെയ്ത് കരാറുകാരെ ഏൽപ്പിക്കുകയോ, നിർവ്വഹണം ആരംഭിക്കുകയോ ചെയ്തതായി ഫയലിൽ രേഖയില്ല. ഇതിന്മേൽ ബ്ലോക്ക് പഞ്ചായത്തോ, നിർവ്വഹണ ഉദ്യോഗസ്ഥനോ ഏതെങ്കിലും തുടർ നടപടി സ്വീകരിച്ചതായും രേഖയില്ല. 23.06.2018 – ൽ പുനർ ദർഘാസ് നോട്ടഫിക്കേഷൻ നടത്തിയിട്ടുള്ളതാണെന്ന

സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കത്തു മാത്രമാണ് ഫയലിൽ ഉള്ളത് (D3/2074/SEKDC/CGNR/2017/25.06.2018). പ്രവൃത്തിക്കാവശ്യമായ മുഴുവൻ തുകയും മുൻകൂറായി നിക്ഷേപിച്ച് ഒരു വർഷമായിട്ടും വർക്ക് ആരംഭിക്കാതിരിക്കുന്നതിന്മേലും, ഈ വിഷയത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതും വ്യക്തമാക്കുവാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/26.11.18) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി നിർവ്വഹണത്തിലുണ്ടാകുന്ന കാലതാമസം ബ്ലോക്ക്പഞ്ചായത്തിന് അധികസാമ്പത്തിക ബാധ്യത വരുത്തുന്നതാകയാൽ ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതിനും, വർക്ക് നടപ്പാക്കാത്ത പക്ഷം ഡെപ്പോസിറ്റ് ചെയ്ത തുക തിരികെ ഈടാക്കുന്നതിനും ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 സമഗ്ര സൗരോർജ്ജ യൂണിറ്റ് - ഉപഭോഗശേഷം മിച്ചമുള്ള വൈദ്യുതിയുടെ ചാർജ് ലഭിച്ചിട്ടില്ല

2016-17 വർഷം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ കെൽട്രോൺ മുഖേന 10,18,900/- രൂപ ചെലവഴിച്ച് ഒരു സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചിരുന്നു. 25.08.17 – ൽ പൂർത്തീകരിച്ച ഈ പദ്ധതി 19.09.2017 മുതൽ ഇലക്ട്രിസിറ്റി ബോർഡിന്റെ പവർഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സൗരോർജ്ജ പ്ലാന്റിനാവശ്യമായ നെറ്റ് മീറ്റർ കെൽട്രോൺ മുഖേന ബ്ലോക്ക് പഞ്ചായത്ത് വാങ്ങി ടെസ്റ്റിംഗിനായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന് നൽകുകയും, 06.07.2017 – ൽ അവിടെ നിന്നും സാക്ഷ്യപത്രം ലഭിക്കുകയും ചെയ്തിരുന്നു. കാലിബ്രേറ്റ് ചെയ്ത് ലഭിച്ച പ്രസ്തുത മീറ്റർ കണക്ട് ചെയ്യുന്നതിനായി കെ.എസ്.ഇ.ബി യുടെ ചെങ്ങന്നൂർ ഓഫീസിന് നൽകിയിരുന്നുവെങ്കിലും ഈ മീറ്റർ സ്ഥാപിക്കാതെ ബോർഡിന്റെ നെറ്റ് മീറ്റർ സ്ഥാപിച്ചാണ് പ്രവർത്തനം നടന്നു വരുന്നത്. സ്വന്തമായി നെറ്റ് മീറ്റർ വാങ്ങി ആവശ്യമായ പരിശോധനകൾക്കും സാക്ഷ്യപ്പെടുത്തലിനും ശേഷം കെ.എസ്.ഇ.ബി.യ്ക്ക് നൽകിയിട്ടും ആയത് സ്ഥാപിക്കാത്തതു മൂലം ബോർഡ് സ്ഥാപിച്ച മീറ്ററിന് വാടക നൽകേണ്ട അവസ്ഥയാണ് നിലവിലുള്ളത്.
2. ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലുള്ള 101, 103, 19610 എന്നീ മൂന്ന് കൺസ്യൂമർ നമ്പരുകളിൽ 19610 കൺസ്യൂമർ നമ്പരുള്ള കെട്ടിടത്തെ മാത്രമാണ് സോളാർ പ്ലാന്റുമായി ബന്ധിപ്പിച്ചിട്ടുള്ളത്. മറ്റ് കൺസ്യൂമർ നമ്പരുകളെ ത്രീഫേസ് ആക്കാതെ പ്ലാന്റ് സ്ഥാപിച്ചതാണ് ഈ അവസ്ഥക്ക് കാരണമായത്. ഇതു മൂലം കൺസ്യൂമർ നമ്പർ 19610 – ന്റെ പേരിലുള്ള വൈദ്യുതി ബിൽ മാത്രമാണ് ക്രമീകരിക്കപ്പെടുന്നത്.
3. സോളാർ പ്ലാന്റിൽ നിന്നും ഒരു മാസം ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ അളവ്, ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ്, ഉപയോഗശേഷം മിച്ചമുള്ള വൈദ്യുതിയുടെ അളവ്, ഈയിനത്തിൽ കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിക്കേണ്ട തുക തുടങ്ങിയ വിവരങ്ങളെ സംബന്ധിച്ച് കണക്കുകൾ സൂക്ഷിച്ചിട്ടില്ല. 19610 കൺസ്യൂമർ നമ്പരിന്റേതായി കെ.എസ്.ഇ.ബി ലഭ്യമാക്കിയ 06.10.18 തീയതി വച്ചുള്ള ബില്ലിൽ ഈ പ്ലാന്റിൽ നിന്നും 8009 KWH വൈദ്യുതി ഉത്പാദിപ്പിച്ചതായും, 917 യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചതായും കാണിച്ചിട്ടുണ്ട്. ഉപഭോഗശേഷം മിച്ചമുള്ള വൈദ്യുതിയുടെ ചാർജിനത്തിൽ ഓഡിറ്റ് സമയം വരെ (11/18) പഞ്ചായത്തിന് തുകയൊന്നും ലഭിച്ചിട്ടില്ല.

മുകളിൽ പ്രതിപാദിച്ച അപാകതകളിന്മേൽ ആവശ്യമായ സത്വര തുടർനടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം ഇതു സംബന്ധിച്ച് വ്യക്തമായ കണക്കുകൾ സൂക്ഷിക്കുന്നതിനും, രജിസ്റ്റർ പരിപാലിക്കുന്നതിനും നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. ഇതിന്മേൽ നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 13/28.11.18) മറുപടി ലഭ്യമാക്കിയില്ല.

## 3-3 ഐ.എ.വൈ/പി.എം.ഐ.വൈ പദ്ധതികളിൽ കോടികളുടെ നീക്കിയിരിപ്പ്

2015 -16 വർഷം ഐ.എ.വൈ പദ്ധതി അവസാനിക്കുകയും തുടർന്ന് പി.എം.ഐ.വൈ പദ്ധതി ആരംഭിക്കുകയും ചെയ്തതിനെ തുടർന്ന് ഇരുപദ്ധതികൾക്കുമായി ഒറ്റ അക്കൗണ്ട് ആയി പി.എം.ഐ.വൈ പദ്ധതി വിഹിതം ഐ.എ.വൈ പ്ലാൻ അക്കൗണ്ടിലേക്ക് നിക്ഷേപിച്ചു. അക്കൗണ്ടിലെ നീക്കിയിരിപ്പ് സംബന്ധിച്ച് എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്) ക്ക് നല്കിയ ഓഡിറ്റ് അന്വേഷണം നം.2/24.11.18 ന് ലഭിച്ച മറുപടി പ്രകാരം 2017-18 ൽ 5,18,60,545 രൂപയും ഓഡിറ്റ് കാലയളവിൽ (11/2018) 3,72,48,639രൂപയും നീക്കിയിരിപ്പുണ്ട്. ഇതിൽ ഉൾപ്പെടുന്ന പി.എം.എ.വൈ പദ്ധതിയുടെ വിഹിതം ചുവടെ പട്ടികയിൽ ചേർക്കുന്നു .

| പദ്ധതി വർഷം | ഗ്രാമ പഞ്ചായത്ത് വിഹിതം | | | സർക്കാർ വിഹിതം |
|---|---|---|---|---|
| | വരവ് | ചെലവ് | ബാക്കി | |
| 2016-17 | 2044000 | 1788000 | 256000 | 4708748 |
| 2017-18 | 760000 | 500000 | 260000 | 3260000 |

ഈ തുകയിൽ നിന്നും ഐ.എ.വൈ വിഹിതമായി 803750 രൂപയും ലൈഫ് പദ്ധതി വിഹിതമായി 968334 രൂപയും ചേർത്ത് ആകെ 1772084 രൂപ ആവശ്യമുള്ളതായും എക്സ്റ്റൻഷൻ ഓഫീസർ മറുപടിയിൽ വ്യക്തമാക്കുന്നു. ഓഡിറ്റ് കാലയളവിലെ ആകെ നീക്കിയിരിപ്പായ 3,72,48,639രൂപയിൽ നിന്നും 1772084 രൂപ കുറച്ചാൽ ലഭിക്കുന്ന 35476555 രൂപ പിന്നെയും അവശേഷിക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് പദ്ധതി വിഹിതമായി ലഭിച്ച തുകയും സംസ്ഥാന സർക്കാർ വിഹിതവും ഉൾപ്പെട്ട തുകയാണ് ഇപ്രകാരം അക്കൗണ്ടിൽ അവശേഷിക്കുന്നത് എന്നത് പ്രാധാന്യം അർഹിക്കുന്നു. ആയതിനാൽ ടി അക്കൗണ്ടിൽ അവശേഷിക്കുന്ന തുക സർക്കാർ അനുമതി വാങ്ങിക്കൊണ്ട് അനുബന്ധപ്രോജക്ടുകൾക്കായി ചെലവഴിക്കുകയോ അല്ലാത്ത പക്ഷം സർക്കാരിലേക്ക് തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 3-4 സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല

2012-ലെ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാർ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും, ആയത് അനുവദിക്കുന്ന പക്ഷം 25% വരെയുള്ള കാലദൈർഘ്യത്തിന് പി.എ.സി.യുടെ 1% ഉം, 25% മുതൽ 50% വരെയുള്ള കാലദൈർഘ്യത്തിന് പി.എ.സി.യുടെ 2% ഉം പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. കൂടാതെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലതാമസത്തിന് പ്രതിവാരം പി.എ.സി.യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. 2017-18 വർഷം നടപ്പാക്കിയ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. കരാർ പ്രകാരം ദീർഘിപ്പിച്ചു നൽകിയ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും പിഴ ഈടാക്കുവാൻ പഞ്ചായത്തു കമ്മിറ്റി തീരുമാനമെടുത്തിരുന്നുവെങ്കിലും (04.07.17 ലെ 10-ാം നമ്പർ തീരുമാനം) അവരിൽ നിന്നും പിഴ ഈടാക്കാതെയാണ് ഫൈനൽ ബിൽ തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. തേവലക്കുളം തറയിൽപടി പാലിൽ റോഡ്, ചെറിയനാട് (പ്രോജക്ട് നം.37/17)

കരാറുകാരൻ : ശ്രീ.മാമൻ എബ്രഹാം

എഗ്രിമെന്റ് നം./തീയതി : 8/16-17/04.01.17

പി.എ.സി : 1207687

അളവുപുസ്തകം : 16/16-17

24.03.17 – ൽ വർക്ക് ഭാഗീകമായി പൂർത്തീകരിച്ച് ആയതിന് 225729/- രൂപ മൂല്യനിർണ്ണയം നടത്തുകയും, നികുതികൾ റിട്ടെൻഷൻ ഇനങ്ങളിൽ 36,116/- രൂപ കഴിച്ച് ശേഷിച്ച് 1,89,613/- രൂപ കരാറുകാരന് ഒന്നാം പാർട്ട് ബിൽ ഇനത്തിൽ നൽകിയിരുന്നു (ബിൽ നം.1/28.06.17). തുടർന്ന് ശേഷിച്ച പ്രവൃത്തികൾ 22.03.18 ൽ പൂർത്തീകരിച്ച് ആയതിന് 9,81,651/- രൂപ മൂല്യനിർണ്ണയം നടത്തുകയും നികുതികൾ ഇനത്തിൽ 19,634/- രൂപ കുറച്ച് ശേഷിച്ച് 9,62,017/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട് (ബിൽ നം.14,15/26.03.18). 31.03.17 നുള്ളിൽ പൂർത്തീകരിക്കേണ്ടിയിരുന്ന ഈ പ്രവൃത്തി നിർമ്മാണ സാധനങ്ങളുടെ ദൗർലഭ്യം, മറ്റു പഞ്ചായത്തുകളിൽ നിന്നും ബിൽ തുക ലഭിക്കുന്നതിനുള്ള കാലതാമസം എന്നിവ മൂലം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയുന്നില്ലെന്ന് കാണിച്ച് തീയതി രേഖപ്പെടുത്താത്ത സമയം ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അപേക്ഷയും, തുടർന്ന് 25.03.17 തീയതി വച്ച് മറ്റൊരു അപേക്ഷയും കരാറുകാരൻ ലഭ്യമാക്കിയിരുന്നു. ആയതു പരിഗണിച്ച് പൂർത്തീകരണ കാലാവധി 30.06.17 വരെ ദീർഘിച്ചും, കാലതാമസത്തിന് ഫൈൻ ഒഴിവാക്കിയും പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട് (തീരുമാനം: X(2)/24.05.17). എന്നാൽ തുടർന്ന് കരാറുകാരൻ ദീർഘീകരണ അപേക്ഷ നൽകിയതായോ, നിർവ്വഹണ ഉദ്യോഗസ്ഥയുടെ ശുപാർശയുടെ

അടിസ്ഥാനത്തിൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയതായോ കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചതായോ രേഖയില്ല. കൂടാതെ ഫൈൻ ചുമത്തുവാൻ പഞ്ചായത്തു കമ്മിറ്റിയെടുത്ത 04.07.2017 ലെ തീരുമാനത്തിന്റെ പകർപ്പ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടും ഉണ്ട്. കരാറുകാരനിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ഫൈനിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

വർക്ക് പൂർത്തീകരിച്ച തീയതി - 22.03.2018

അധികമായി എടുത്ത് സമയം - 265 ദിവസം = 37.86 ആഴ്ച

(01.07.2017 മുതൽ 22.03.2018 വരെ)

ഈടാക്കേണ്ടിയിരുന്ന കോമ്പൻസേഷൻ ശതമാനം) - 37.86x0.1 = 3.8%

ഈടാക്കേണ്ടിയിരുന്ന കോമ്പൻസേഷൻ - 1207687x3.8 = 45,892/-

2. കടയ്ക്കപള്ളം - കരാലിൽ റോഡ് മെറ്റലിംഗ്, ടാറിംഗ് (പ്രോജക്ട് നം.80/17)

കരാറുകാരൻ : ശ്രീ. ജോസഫ് ജോൺ

എഗ്രിമെന്റ് നം./തീയതി : 25/16-17/30.03.17

പി.എ.സി : 431779

അളവു പുസ്തകം : 29/16-17

29.06.17 നുള്ളിൽ പൂർത്തീകരിക്കേണ്ടിയിരുന്ന ഈ പ്രവൃത്തി 27.11.17 – ൽ പൂർത്തീകരിച്ച് ആയതിന് 431779/-രൂപ മൂല്യനിർണ്ണയം നടത്തി നികുതികൾ ഇനത്തിൽ 8636/- രൂപ കുറവു ചെയ്ത് കരാറുകാരന് തുക നൽകിയിട്ടുണ്ട് (ബിൽ നം.9/11.01.2018). ആവശ്യമായ സാധനങ്ങൾ കിട്ടാനുള്ള ബുദ്ധിമുട്ടു മൂലം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകണമെന്ന കരാറുകാരന്റെ ആവശ്യപ്രകാരം 06.06.17 – ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ കാലാവധി നീട്ടുവാൻ ശുപാർശ ചെയ്യുകയും, 16.08.2017 – ൽ കൂടിയ കമ്മിറ്റി പ്രവൃത്തിയുടെ കാലാവധി ഫൈൻ കൂടാതെ 3 മാസം കൂടി ദീർഘിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഇതു പ്രകാരം 29.09.17 – ൽ പൂർത്തീകരിക്കേണ്ടതായിരുന്നു ടി പ്രവൃത്തി. എന്നാൽ ദീർഘിപ്പിച്ചു നൽകിയ കാലയളവിനുള്ളിലും പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഇനത്തിൽ തുകയൊന്നും ഈടാക്കിയിട്ടില്ല. ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

വർക്ക് പൂർത്തീകരിച്ച തീയതി - 27.11.2017

അധികമായി എടുത്ത സമയം - 60 ദിവസം = 8.6 ആഴ്ച

29.09.17 മുതൽ 27.11.2017 വരെ)

ഈടാക്കേണ്ടിയിരുന്ന കോമ്പൻസേഷൻ

ശതമാനം - 8.6x0.1 = 0.86%

ഈടാക്കേണ്ടിയിരുന്ന കോമ്പൻസേഷൻ - 431779x0.86 = 3713/-

മുകളിൽ പ്രതിപാദിച്ച വർക്കുകളുടെ കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കാതിരുന്നതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/26.11.18) മറുപടി ലഭ്യമാക്കിയില്ല. മേൽക്കാരണത്താൽ ടി വർക്കുകൾക്കായി അധികം ചെലവഴിച്ച 49605/- രൂപ (45892 + 3713) ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് കരാറുകാരിൽ നിന്നും ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായിരിക്കുന്നതാണ്.

## 3-5 എഗ്രിമെന്റ് വച്ച് പ്രവൃത്തിയുടെ നിർവ്വഹണം ഏറ്റെടുത്ത കരാറുകാരൻ രണ്ടു വർഷമായിട്ടും വേല ആരംഭിച്ചിട്ടില്ല

അരിപ്പാട്ടേരി - കോരേത്തകിടി റോഡിന്റെ മെറ്റലിംഗിനും ടാറിംഗിനുമായി തയ്യാറാക്കിയ 5 ലക്ഷം രൂപ അടങ്കലുള്ള പ്രോജക്ടിന്റെ (നം.51/17) നിർവ്വഹണം നിരക്ക് രേഖപ്പെടുത്തിയ ശ്രീ.എം.സുബോദ് എന്ന കരാറുകാരനെ ഏൽപ്പിച്ചതിനെ തുടർന്ന് ടിയാൻ 21.12.16- ൽ എഗ്രിമെന്റ് വച്ചിരുന്നു (നം.7/21.12.16). 3 മാസമായിരുന്നു എഗ്രിമെന്റ് പ്രകാരമുള്ള നിർവ്വഹണ കാലയളവെങ്കിലും ഓഡിറ്റ് സമയത്തും (11/2018) വർക്ക് ആരംഭിച്ചതായി രേഖയില്ല.

വർക്കിനാവശ്യമായ ടാറും, എമൽഷനം നൽകാതെ പണി നടത്താൻ കഴിയില്ലെന്ന് 24.02.17 ൽ കരാറുകാരൻ അറിയിച്ചതനുസരിച്ച് ടാറും എമൽഷനം വാങ്ങുന്നതിനാവശ്യമായ 63,778/- രൂപ 25.03.17 – ൽ ട്രഷറിയിൽ നിന്നും പിൻവലിച്ച് (ബിൽ നം.10) സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി റ്റി.എസ്.ബി അക്കൗണ്ടിലേക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയിട്ടുണ്ട് (നം.264). എന്നാൽ ടി തുക വിനിയോഗിച്ച് ടാർ വാങ്ങിയതായി രേഖയില്ല. റോഡിന്റെ പാർശ്വഭിത്തി നിർമ്മാണം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ എഗ്രിമെന്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് കാണിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 22.01.17 ൽ സെക്രട്ടറിക്കു നൽകിയ കത്തു മാത്രമാണ് ഫയലിൽ ഉള്ളത്. എഗ്രിമെന്റ് വച്ച് രണ്ട് വർഷത്തോളമായിട്ടും വർക്കിന്റെ നിർവ്വഹണം ആരംഭിക്കാതിരിക്കുന്നതിന്മേലും, ടാർ വാങ്ങുന്നതിനായി 3/17 – ൽ പിൻവലിച്ച 63,778/- രൂപ നിശ്ചിതാവശ്യത്തിന് വിനിയോഗിക്കുകയോ, തിരിച്ചടക്കുകയോ ചെയ്യാതെ നിലവിലും സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന്മേലും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/27.11.2018) മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ 63,778/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി നടപ്പാക്കുന്നതിനാവശ്യമായ സത്വര തുടർനടപടികൾ സ്വീകരിക്കുന്നതിലേക്ക് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രവൃത്തി നടപ്പാക്കാത്ത പക്ഷം ടാർ വാങ്ങുന്നതിനായി പിൻവലിച്ച 63,778/- രൂപ തിരിച്ചടക്കേണ്ടതാണ്.

## 3-6 ടാർ വർക്കുകളുടെ കരാറുകാരിൽ നിന്നും ബാരൽവില ഈടാക്കിയില്ല

ബ്ലോക്ക് പഞ്ചായത്ത് 2017-18 വർഷം നടപ്പാക്കിയ താഴെപ്പറയുന്ന ടാർ വർക്കുകളെ എസ്റ്റിമേറ്റിൽ പായ്ക്ക് ചെയ്ത ബിറ്റുമിന്റെ നിരക്കാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പ്രസ്തുത വർക്കുകളുടെ ഫൈനൽ ബില്ലിൽ ബാരൽ വില കുറക്കുകയോ കാലിബാരൽ തിരിക ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വർക്കിന്റെ പേര്/ പ്രോജക്ട് നം. | കരാറുകാരന്റെ പേര് | ഉപയോഗിച്ച ടാറിന്റെ അളവ് | ഈടാക്കേണ്ടിയിരുന്ന ബാരൽവില @ 238 | അളവു പുസ്തക നം. | ട്രഷറി ബിൽ നം./തീയതി |
|---|---|---|---|---|---|---|
| 1 | സി.എച്ച്.സി. റോഡ് ടാറിംഗ് 83/18 | ശ്രീ.എം.പി. ബാബു | 8 ബാരൽ | 1904 | 5/17-18 | 4/31.03.18 |
| 2 | ആലപ്പുറത്തുകാവ്-കുറ്റിച്ചവട് റോഡ് റീ ടാറിംഗ് 72/18 | ശ്രീ.വി.സി.അജയ കുമാർ | 17 ബാരൽ | 4046 | 3/17-18 | 1/26.03.18 |
| 3 | പട്ടന്റയ്യത്ത് കോളനി - കമ്പിരേത്ത് കടവ് റോഡ് മെറ്റലിംഗ് & ടാറിംഗ് 64/18 | ശ്രീ.സുജിത് കുമാർ | 11 ബാരൽ | 2618 | 9/17-18 | 2/28.03.18 |
| ആകെ | | | | 8568 | | |

ബാരൽ വില ഈടാക്കാതിരുന്നതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/24.11.18) പ്രവൃത്തികൾക്കാവശ്യമായ ടാർ കരാറുകാരൻ വാങ്ങിയതിനാലാണ് ബാരൽ വില ഈടാക്കാതിരുന്നതെന്ന മറുപടിയാണ് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയത്. എന്നാൽ എസ്റ്റിമേറ്റ് നിരക്കിൽ നിർവ്വഹണം നടത്തിയ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പായ്ക്ക് ചെയ്ത ബിറ്റുമിന്റെ നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നതിനാൽ ടി മറുപടി അംഗീകരിക്കുന്നില്ല. ഈയിനത്തിലെ അധിക ച്ചെലവായ 8568/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് കരാറുകാരിൽ നിന്നും ഈടാക്കി തിരിച്ചടക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായിരിക്കുന്നതാണ്.

## 3-7 ചെലവഴിക്കാത്ത ബ്ലോക്ക് വിഹിതം തിരികെ അടച്ചില്ല

പ്രോജക്ട് നം.52/17-18 നെൽകൃഷിക്ക് ബ്ലോക്ക് വിഹിതം

അടങ്കൽ – 2116000 (വി.ഫ)

1500000 (ജില്ലാ പഞ്ചായത്ത്)

3616000

ചെലവ് - 2116000

അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) നടപ്പാക്കിയ നെൽകൃഷിക്ക് ബ്ലോക്ക് വിഹിതം എന്ന പദ്ധതിയ്ക്ക് 2116000 രൂപ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 കൃഷി ഓഫീസർമാർക്ക് അതത് പഞ്ചായത്ത് സെക്രട്ടറി മുഖേന അനുവദിച്ചിട്ടുണ്ട്. കൃഷി ഓഫീസർമാർ ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം അനുവദിച്ച മുഴുവൻ തുകയും വിനിയോഗിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പഞ്ചായത്തിന്റെ പേര് | പിൻവലിച്ച തുക | ബിൽ നം | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | ബുധനൂർ | 300000 | 1/29.8.17 | 244350 | 55650 |
| 2 | തിരുവൻവണ്ടൂർ | 516000 | 5/27.9.17 | 366042 | 149958 |
| 3 | ചെറിയനാട് | 300000 | 7/19.10.17 | 300000 | - |
| 4 | വെണ്മണി | 300000 | 8/24.10.17 | 300000 | - |
| 5 | പുലിയൂർ | 300000 | 9/27.10.17 (7ലക്ഷം) | 274989 | 25011 |
| 6 | പാണ്ടനാട് | 400000 | | 375000 | 25000 |
| | ആകെ | 2116000 | | 1860381 | 255619 |

ചെലവഴിക്കാതെ നീക്കിയിരിപ്പായ 255619രൂപ അതതു പഞ്ചായത്തുകളിൽ നിന്നും തിരികെ ഈടാക്കിയതിന്റെ വിശദാംശം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണം നം.10/27.11.18 ന് ലഭ്യമാക്കിയ മറുപടിയിൽ ചെലവു മിച്ചം ബ്ലോക്കിൽ തിരികെയടയ്ക്കുവാൻ സെക്രട്ടറിമാർക്ക് കത്ത് നല്കിയിട്ടും തുക തിരികെ അടച്ചിട്ടില്ല എന്ന് നിർവ്വഹണഉദ്യോഗസ്ഥ അറിയിച്ചു. തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടയ്ക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുവാൻ വിഷയം വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തുക തിരികെ അടച്ച് വിവരം അറിയിക്കുന്നതുവരേയ്ക്കും അധികമായി പിൻവലിച്ച 255619 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 പാലിന് ഇൻസന്റീവ് - ചെലവഴിക്കാതെ അവശേഷിച്ച തുക സർക്കാരിലേക്ക് തിരികെ അടച്ചില്ല

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പാലിന് ഇൻസന്റീവ് (S0070/18) പ്രോജക്ട് പ്രകാരം 300000 രൂപ (ബിൽ നം.3/20.10.17) പിൻവലിച്ച് 100000രൂപ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലും 200000 രൂപ മുളക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലും നിക്ഷേപിച്ചിരുന്നു. എന്നാൽ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിരുന്നില്ല. പദ്ധതി 2017-18 വർഷം നടത്താൻ സാധിക്കാത്തതിനാൽ തുക ആവശ്യമില്ലായെന്നും തിരികെ അടയ്ക്കുന്നതുമായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുക തിരികെ അടച്ചിട്ടുള്ളതിന്റെ രേഖകൾ ഹാജരാക്കണമെന്ന് ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. ചെലവഴിക്കാത്തപദ്ധതി തുക സർക്കാരിലേക്ക് തിരികെ അടയ്ക്കാതെ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപമായി സൂക്ഷിച്ചത് ക്രമപ്രകാരമുള്ള നടപടിയല്ല. അതിനാൽ 100000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകി

എസ്.സി.ഡി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായ വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് ധനസഹായം, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്നീ പദ്ധതികളിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് നല്കി. ജി.ഒ. (എം.എസ് ) 80/2017/തസ്വഭവ/03.04.2017 നമ്പർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് ധനസഹായം എന്ന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും അതിനു ശേഷം ഗ്രാമ/വാർഡ് സഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങേണ്ടതുമാണ്. അതുപോലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെയും ഗുണഭോക്തൃ ലിസ്റ്റ്

ഗ്രാമ/വാർഡ് സഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങേണ്ടതാണ്.

ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് മുഖേന ആനുകൂല്യം ലഭിച്ച ഏതാനും പേർ ഒഴികെ മറ്റെല്ലാവരും ബ്ലോക്കിൽ നിന്നും പത്ര വിജ്ഞാപനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച അപേക്ഷ പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കളാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം .57/17-18 വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് ധനസഹായം

അടങ്കൽ - 800000(വി.ഫ എസ്.സി.പി)

ചെലവ് - 800000

ബിൽ നം.1/17-18/29.07.17- 200000/-

2/17-18/02.09.17- 150000/

4/17-18/06.01.18 – 100000/-

7/17-18/31.01.18- 200000/-

8/17-18/07.03.18- 150000/-

മേൽ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 16 ഗുണഭോക്താക്കൾക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തുകളിൽ നിന്നും ഈ പദ്ധതിയിലേക്ക് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി നല്കിയിട്ടുണ്ടെങ്കിലും ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളിൽ 2 പേർ ഒഴികെ മറ്റാരും തന്നെ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവരല്ല.

2. പ്രോജക്ട് നം .63/17-18 വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് ധനസഹായം(വനിതകൾ)

അടങ്കൽ – 100000 (വി .ഫ)

ചെലവ് - 100000

ബിൽ നം. 3/17-18/02.09.17-50000/-

5/17-18/27.11.17 – 50000/-

മേൽ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 2 വനിതാ ഗുണഭോക്താക്കൾക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തുകളിൽ നിന്നും ഈ പദ്ധതിയിലേക്ക് പ്രത്യേകമായി ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി നല്കിയിട്ടുണ്ടെങ്കിലും ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവരല്ല.

3. പ്രോജക്ട് നം.65/17-18 സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ്

അടങ്കൽ - 1630000

ചെലവ് - 1630000

ബിൽ നം. 6/17-18 /31.01.18 -480000

9/17-18/07.03.18 - 170000

10/17-18/28.03.18 -980000

മേൽ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 91 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തുകളിൽ നിന്നും ഈ പദ്ധതിയിലേക്ക് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി നല്കിയിട്ടുണ്ടെങ്കിലും ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളിൽ 8 പേർ ഒഴികെ 83 പേരും പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവരല്ല .

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നല്കിയതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം.11/27.11.18 മുഖേന എസ്.സി.ഡി.ഒ-യിൽ നിന്നും വിവരം ആരാഞ്ഞെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കളെ ഗ്രാമസഭ സാധൂകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാൽ ആകെ ചെലവു തുകയിൽ പട്ടികയിൽ

ചേർക്കും പ്രകാരമുള്ള 2250000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| പദ്ധതിയുടെ പേര് | ആകെ ഗുണഭോക്താക്കൾ | ലിസ്റ്റിൽ ഉൾപ്പെടാത്തവരുടെ എണ്ണം | തടസ്സപ്പെടുത്തുന്ന തുക |
|---|---|---|---|
| വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് ധനസഹായം | 16 | 14 | 14*50000 = 700000 |
| വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് ധനസഹായം(വനിത) | 2 | 2 | 2*50000=100000 |
| സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് | 91 | 83 | 1450000 |
| | | ആകെ | 2250000 |

ഗുണഭോക്തൃ ലിസ്റ്റിന്റെ സാധൂകരണം സംബന്ധിച്ച തുടർ നടപടികൾ സ്വീരിക്കുവാൻ വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-10 ജെ.എൽ.ജി-കൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിച്ചത് - റിക്കൂപ്പ്മെന്റ് നടപടികൾ സ്വീകരിച്ചില്ല

വിവിധ ജെ.എൽ.ജി-കൾക്ക് അനുവദിച്ച റിവോൾവിംഗ് ഫണ്ടിനത്തിൽ അനുവദിച്ച തുക ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരികെ അടക്കുന്നതിനുള്ള നടപടികൾ പദ്ധതി ആരംഭിച്ച് മാസങ്ങൾക്ക് ശേഷവും സ്വീകരിച്ചിട്ടില്ല. രണ്ട് പ്രോജക്ടുകളിലായി 50 ജെ.എൽ.ജി-കൾക്ക് 25000 രൂപ വീതം ആകെ 1250000/-റിവോൾവിംഗ് ഫണ്ടിനത്തിൽ അനുവദിച്ചിരുന്നു.

സ.ഉ (എം.എസ്) നമ്പർ 80/2017 തസ്വഭ.വ തീയതി, 3.4.2017 പ്രകാരം റിവോൾവിംഗ് ഫണ്ടായി അനുവദിക്കുന്ന തുക ഗുണഭോക്താക്കൾക്കുള്ള ധന സഹായമല്ല, ഇവ പ്രതിമാസ തവണകായി അടയ്ക്കണം. ഇപ്രകാരം തുക തിരികെ അടയ്ക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര്ല ആരം ഭിക്കുന്ന റിക്കൂപ്പ്മെന്റ് അക്കൗണ്ടിലേക്കാണ്. കരാർ വ്യവസ്ഥ പ്രകാരം തുക തിരികെ അടച്ചില്ലെങ്കിൽ അത് കരാർ ലംഘനമായി കണ്ട് തുകയും പലിശയും തിരികെ ഈടാക്കുന്നതിന് സമ്മതമാണെന്ന് കരാറിൽ വ്യവസ്ഥ ചെയ്യ്ണം. ബ്ലോക്ക് പഞ്ചായത്തിൽ ആനുകൂല്യം അനുവദിച്ച ഗ്രൂപ്പുകളുടെ പ്രവർത്തനം സംബന്ധിച്ച രേഖകൾ (മിനിട്ട്സ് ബുക്ക്, വരവ് ചെലവ് കണക്കുകൾ), ഗ്രൂപ്പുകൾ റിവോൾവിംഗ് ഫണ്ടിനത്തിൽ കൈപ്പറ്റിയ തുക തിരിച്ചടച്ചതിന്റെ വിശദാംശങ്ങളും (റിക്കൂപ്പ്മെന്റ് രജിസ്റ്റർ, ബാങ്ക് പാസ് ബുക്ക്), ഗ്രൂപ്പുകളെ ഗ്രാമസഭ വഴി തെരഞ്ഞെടുത്തതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. രേഖകൾ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയതിന് ഗ്രൂപ്പുകളുടെ പ്രവർത്തനം സംബന്ധിച്ച രേഖകൾ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുള്ളതായി മറുപടി ഹാജരാക്കി. ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട്, പ്രോജക്ട് നം | ബിൽ നം./ തീയതി | തുക | തുക കൈപ്പറ്റിയ ജെ.എൽ.ജി-കളുടെ എണ്ണം | ഒരു ഗ്രൂപ്പിന് നൽകിയ വിഹിതം |
|---|---|---|---|---|
| സംയോജിത നീർത്തട ജെ.എൽ.ജി-കൾക്ക് സീഡ് മണി, S0009/18 | 3/18.7.17 | 250000 | 10 | 25000 |
| കുടുംബശ്രീയിൽ ഉൾപ്പെട്ട | 38/20.8.18 | 550000 | 22 | 25000 |

| | | | | |
|---|---|---|---|---|
| ജെ.എൽ.ജി-കൾക്ക് റിവോൾവിംഗ് ഫണ്ട് S0073/18 | 43/28.3.18 | 300000 | 12 | 25000 |
| | 47/31.3.18 | 125000 | 5 | 25000 |
| | 49/31.3.18 | 25000 | 1 | 25000 |
| ആകെ | | 1250000 | | |

മേൽ ഗ്രൂപ്പുകളുടെ നിലവിലെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ലഭിച്ചിട്ടില്ലാത്തതിനാലും റിപ്പേയ്മെന്റ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാലും മേൽ പദ്ധതികൾക്കായി ആകെ ചെലവഴിച്ച 1250000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 പാണ്ടനാട് സി എച്ച് സിയിലെ രേഖകൾ പ്രളയത്തിൽ നഷ്ടപ്പെട്ടു

സി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2017-18 വർഷം 5 പ്രോജക്ടുകൾ നടത്തുന്നതിനായി ആകെ 2952878 രൂപ ചെലവഴിച്ചിരുന്നു. എന്നാൽ സി.എച്ച്.സിയിലെ ഭൂരിഭാഗം രേഖകളും ആഗസ്റ്റ് 2018 ൽ ഉണ്ടായ പ്രളയത്തിൽ നഷ്ടപ്പെട്ടു പോയതായി അറിയിച്ചിട്ടുണ്ട്. നഷ്ടപ്പെട്ടു പോയ രേഖകളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയെങ്കിലും ഇത് സംബന്ധിച്ച അറിയിപ്പ് റവന്യൂ അധികാരികൾ, ജില്ലാമെഡിക്കൽ ഓഫീസർ എന്നിവിടങ്ങളിൽ അറിയിച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല. മാത്രമല്ല, ഇത് സംബന്ധിച്ച അറിയിപ്പ് ബ്ലോക്ക് പഞ്ചായത്തിൽ നൽകിയതിന്റെ രേഖകളോ ഇതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങളോ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. രേഖകൾ നഷ്ടപ്പെട്ടു പോയത് സംബന്ധിച്ച് അന്വേഷണം നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-12 വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല

വാസയോഗ്യമായ ഭവനം ഇല്ലാത്തവർക്കായുള്ള ഭവന നിമ്മാണ പദ്ധതിയായ ഐ.എ.വൈ 2015-16 വർഷം അവസാനിപ്പിച്ചതിനെതുടർന്ന് 2016-17ൽ പി.എം.എ.വൈ പദ്ധതിയും 2017-18 ൽ ലൈഫ് പദ്ധതിയും ആരംഭിച്ചു. നിലവിൽ മൂന്നു ഭവന നിർമ്മാണ പദ്ധതികൾ ബ്ലോക്ക് മുഖേന നടപ്പാക്കുന്നുണ്ടെങ്കിലും ആനുകൂല്യം കൈപ്പറ്റിയശേഷം ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത നിരവധി ഗുണഭോക്താക്കൾ ഉണ്ട്. ഐ.എ.വൈ ഭവന പദ്ധതി പ്രകാരം 1624 ഭവനങ്ങൾ ലക്ഷ്യം വച്ചിരുന്നുവെങ്കിലും 1563 വീടുകളുടെ നിർമ്മാണമാണ് പൂർത്തീകരിച്ചത്. ശേഷിക്കുന്ന 61 ഗുണഭോക്താക്കളിൽ 13 പേരെ ലൈഫ് പദ്ധതിയിലുൾപ്പെടുത്തിയിരുന്നു. അവശേഷിച്ച 48 ഗുണഭോക്താക്കളിൽ 7 പേർ തുക തിരികെയടയ്ക്കുകയും ഇനിയും ശേഷിക്കുന്ന 41 പേർക്ക് ആർ .ആർ നടപടിയുടെ ഭാഗമായി നോട്ടീസ് അയച്ചിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം നടത്താത്ത പക്ഷം നല്കിയ പദ്ധതി തുക പലിശ സഹിതം തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. തുടർ നടപടികൾക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-13 ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തി

ബ്ലോക്ക് പഞ്ചായത്തിൽ ഫർണ്ണിച്ചർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പ്രോജക്ട് (S0008/18) പ്രകാരം കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് കൊയർ മാർക്കെറ്റിംഗ് എന്ന സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്ന് 897 രൂപ നിരക്കിൽ 15 ഡോർ മാറ്റുകൾ വാങ്ങിയതിന് 10899 രൂപ ചെലവഴിച്ചിട്ടുണ്ട് (ഡിസ്കൗണ്ട് 2556രൂപ). ഇപ്രകാരം വാങ്ങിയ മാറ്റുകൾ പൂർണ്ണമായി ഉപയോഗിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം (നം.15) നൽകിയതിന് ഹാജരാക്കിയ മറുപടിയിൽ 5 മാറ്റുകൾ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂവെന്നും ബ്ലോക്ക് കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിനാൽ ബാക്കിയുള്ളവ ഉപയോഗിക്കാൻ സാധിച്ചിട്ടില്ല എന്നും മറുപടി നൽകിയിരിക്കുന്നു. സ്റ്റോക്ക് രജിസ്റ്ററിൽ 15 മാറ്റുകളും ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 5 മാറ്റുകൾ മാത്രം ഉപയോഗിച്ചത് ക്രമപ്രകാരമുള്ള നടപടിയല്ല. വാങ്ങലിന് മുൻപായി ആവശ്യകത നിർണ്ണയിക്കാതിരുന്നതിനാലാണ് ഇപ്രകാരം മാർച്ച് 2017 ൽ വാങ്ങിയ മാറ്റുകൾ ഇപ്പോഴും ഉപയോഗിക്കാൻ സാധിക്കാതിരുന്നത്. നടപടിക്രമങ്ങൾ പാലിച്ച് തന്നെ വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 തുടർ സാക്ഷരതാപഠിതാക്കൾക്ക് ഫീസ് അടയ്ക്കൽ-അനുബന്ധ രേഖകൾ

ഹാജരാക്കിയില്ല

സെക്രട്ടറി മുഖേന തുടർ സാക്ഷരതാപഠിതാക്കൾക്ക് ഫീസ് അടയ്ക്കൽ (പ്രോജക്ട്നം.S0116/18) പ്രോജക്ട് പ്രകാരം പത്താം ക്ലാസ്, 12-ാം ക്ലാസ് പഠിതാക്കളുടെ കോഴ്സ് ഫീസിനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാന സാക്ഷരതാ മിഷൻ തുക കൈപ്പറ്റിയതിന്റെ രേഖകൾ, പഠിതാക്കളുടെ അപേക്ഷകൾ, വിതരണം ചെയ്ത സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല.

| ഇനം | പഠിതാക്കളുടെ എണ്ണം | കോഴ്സ് ഫീസ് | ആകെ തുക | ബിൽ നം/ചെക്ക് നം. തീയതി |
|---|---|---|---|---|
| പത്താം ക്ലാസ് തുടർ സാക്ഷരത | 10 | 1750 | 17500 | 45/31.3.18<br>4743965/31.3.18 |
| പന്ത്രണ്ടാം ക്ലാസ് തുടർ സാക്ഷരത | 25 | 1950 | 48750 | |
| ആകെ | | | 66250 | |

രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഹാജരാക്കിയ മറുപടിയിൽ രേഖകൾ സാക്ഷരതാ പ്രേരകിൽ നിന്ന് വാങ്ങി ഹാജരാക്കുന്നതാണെന്ന് അറിയിച്ചിരുന്നു രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ലാത്തതിനാൽ 66250 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ നിക്ഷേപ പ്രവർത്തികൾക്കായി നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിട്ടുള്ള തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട്,പ്രോജക്ട് നം | ബിൽ നം/ തീയതി | തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|
| പടിഞ്ഞാറ്റുതറ കോളനി കടിവെള്ള പൈപ്പ് ലൈനും ഗാർഹിക കണക്ഷനും, S0100/18(scp) | 24/30.10.17 | 813750 | ഭൂജലവകുപ്പ് |
| | 35/15.2.18 | 456250 | |
| ചെറിയനാട് ഗ്രാമപഞ്ചായത്തിന് കുടിവെള്ള പൈപ്പ് ലൈനും ഗാർഹിക കണക്ഷനും,S0093/18 | 13/31.10.17 | 1000000 | കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ |
| | 54/31.3.18 | 500000 | |
| ഉമയാറ്റുകര മാവേലിത്തറ മുതൽ കൊച്ചിക്കൽ വരെ ഗാർഹിക കുടിവെള്ള കണക്ഷൻ S0092/18 | 27/13.12.17 | 600000 | കേരള വാട്ടർ അതോറിറ്റി, തിരുവല്ല |
| ആകെ | | 2470000 | |

തുക വിനിയോഗിച്ചതായുള്ള സാക്ഷ്യപത്രം ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഹാജരാക്കിയിട്ടില്ലാത്തതിനാൽ 2470000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് (01.04.2017) | | | വരവ് (2017-18) | | | ചെലവ് (2017-18) | | | നീക്കിയിരിപ്പ് | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | എസ്.സി | ജനറൽ | ആകെ | എസ്.സി | ജനറൽ | ആകെ | എസ്.സി | ജനറൽ | ആകെ | എസ്.സി | ജനറൽ | ആകെ |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ആല | 160000 | 60000 | 220000 | 80000 | 20000 | 100000 | 80000 | 60000 | 140000 | 160000 | 20000 | 180000 |
| ബുധനൂർ | 0 | 0 | 0 | 280000 | 80000 | 360000 | 40000 | 40000 | 80000 | 240000 | 40000 | 280000 |
| ചെറിയനാട് | 240000 | 120000 | 360000 | 160000 | 100000 | 260000 | 20000 | 100000 | 120000 | 380000 | 120000 | 500000 |
| മുളക്കുഴ | 360000 | 100000 | 460000 | 80000 | 40000 | 120000 | 80000 | 0 | 80000 | 360000 | 140000 | 500000 |
| പാണ്ടനാട് | 80000 | 60000 | 140000 | 80000 | 175000 | 255000 | 20000 | 0 | 20000 | 140000 | 235000 | 375000 |
| പുലിയൂർ | 160000 | 0 | 160000 | 0 | 180000 | 180000 | 60000 | 20000 | 80000 | 100000 | 160000 | 260000 |
| തിരുവൻവണ്ടൂർ | 0 | 0 | 0 | 80000 | 0 | 80000 | 40000 | 0 | 40000 | 40000 | 0 | 40000 |
| വെൺമണി | 0 | 100000 | 100000 | 100000 | 20000 | 120000 | 100000 | 140000 | 240000 | 0 | -20000 | -20000 |
| ആകെ | 1000000 | 440000 | 1440000 | 860000 | 615000 | 1475000 | 440000 | 360000 | 800000 | 1420000 | 695000 | 2115000 |
| ജില്ലാ പഞ്ചായത്ത് | | 924000 | 924000 | 140000 | 0 | 140000 | 462000 | 280000 | 742000 | -322000 | 644000 | 322000 |
| ആകെ | 1000000 | 1364000 | 2364000 | 1000000 | 615000 | 1615000 | 902000 | 640000 | 1542000 | 1098000 | 1339000 | 2437000 |

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| മൈനർ ഇറിഗേഷൻ ചെങ്ങന്നൂർ | വിവിധ പാടശേഖരങ്ങൾക്ക് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | | 3375000 | 0 | 3375000 |
| കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ | ചെറിയനാട് ഗ്രാമപഞ്ചായത്തിന് കുടിവെള്ള പൈപ്പലൈനും | 13/31.10.17 54/31.3.18 | 1500000 | 0 | 1500000 |
| കേരള വാട്ടർ അതോറിറ്റി | ഉമയാറ്റുകര മാവേലിത്തറ കൊമ്പിക്കുഴി വരെ ഗാർഹിക കണക്ഷൻ | 27/13.12.17 | 600000 | 0 | 600000 |
| ഭൂജലവകുപ്പ് | പടിഞ്ഞാറ്റുതറ കോളനി കുടിവെള്ള പൈപ്പ് ലൈനും ഗാർഹിക കണക്ഷനും | 24/30.10.17 35/15.2.18 | 1270000 | 0 | 1270000 |

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം തുക നൽകിയിട്ടില്ല

4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ സ്റ്റേറ്റ് ഷെയർ | | 6133132 | 4175614 | 1690914 | 338811 | 2193378 |

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 181030365 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 114194620 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 8568 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 9830647 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-6 | | 8568 | ശ്രീമതി.ഇന്ദു.എൽ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 8568 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 33,75,000 | ശ്രീമതി.കെ.ജി.ശ്രീകല,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-5 | 63,778 | ശ്രീമതി.കെ.ജി.ശ്രീകല,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-7 | 255619 | ശ്രീമതി.സാറാ.റ്റി.ജോൺ,<br>അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ |
| 3-8 | 100000 | ശ്രീമതി.കെ.കെ ഉഷാദേവി,<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-9 | 2250000 | ശ്രീമതി.രജനി.എ, എസ്.സി.ഡി.ഒ. |
| 3-10 | 1250000 | ശ്രീ.എസ്.ഹർഷൻ, സെക്രട്ടറി |
| 3-14 | 66250 | ശ്രീ.എസ്.ഹർഷൻ, സെക്രട്ടറി |
| 3-15 | 2470000 | ശ്രീ.എസ്.ഹർഷൻ, സെക്രട്ടറി |
| ആകെ | 9830647 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എസ്.ഹർഷൻ, സെക്രട്ടറി | സെക്രട്ടറി,<br>ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | അട്ടക്കുഴി കാരോട്ട്, മങ്ങാരം.പി.ഓ, പന്തളം |
| ശ്രീമതി.രജനി.എ, എസ് സി ഡി ഓ | | ആന്തൂർ ഹൗസ്,<br>പട്ടിക്കാട്.പി.ഓ, തൃശ്ശൂർ |
| ശ്രീമതി.സാറാ.റ്റി.ജോൺ, അസിസ്റ്റന്റ് | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് | തുരളയിൽ, കൊല്ലകടവ്, |

| | | |
|---|---|---|
| ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | അഗ്രിക്കൾച്ചർ | ചെറിയനാട് |
| ശ്രീമതി.ഇന്ദു.എൽ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മാവേലിക്കര ബ്ലോക്ക് പഞ്ചാത്ത് | ഇന്ദുഭവനം,<br>ഉമയനല്ലൂർ പി.ഓ, കൊല്ലം |
| ശ്രീമതി.കെ.കെ.ഉഷാദേവി,<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ | - | കൊച്ചുപറമ്പിൽ,<br>മാടപ്പള്ളി.പി.ഓ,ചങ്ങനാശ്ശേരി |
| ശ്രീമതി.കെ.ജി.ശ്രീകല,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോയിപ്രം ബ്ലോക്ക് | നിയതി,<br>ചുനക്കര ഈസ്റ്റ്, ചുനക്കര |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ എഫ് എ3-/310/00/തീയതി 5.10.2010 |
| 1996-97 | എൽ എഫ് എ5/87/01/തീയതി 1.6.2001 |
| 1997-98 | എൽ എഫ് എ5/87/01/തീയതി 1.6.2001 |
| 1998-99 | എൽ എഫ് എ5/87/01/തീയതി 29.9.01 |
| 2000-01 | എൽഎഫ്എ7/1298(എ))/04/തീയതി 5.8.2005 |
| 2002-03 | എൽഎഫ്ജിഎ/ബിപി അദാലത്ത്/26/14(32)തീയതി 31.3.2014 |
| 2003-04 | എൽഎഫ്ജിഎ/ബിപി അദാലത്ത്/26/14(33)തീയതി 31.3.2014 |
| 2004-05 | എൽഎഫ്എ/ബിപി അദാലത്ത്/26/14(34)തീയതി 31.3.2014 |
| 2005-06 | എൽഎഫ്എ/ബിപി അദാലത്ത്/26/14(35)തീയതി 31.3.2014 |
| 2006-07 | എൽഎഫ്എ/ബിപി അദാലത്ത്/26/14(36)തീയതി 31.3.2014 |
| 2007-08 | എൽഎഫ്എ/ബിപി അദാലത്ത്/26/14(37)തീയതി 31.3.2014 |
| 2008-09 | എൽഎഫ്എ 1577/13/12.5.14 |
| 2009-10 | എൽഎഫ്എ/ബിപി അദാലത്ത്/26/14(38)തീയതി 31.3.2014 |
| 2010-11, 2011-12 | എൽഎഫ്എ7/275/2013/3.6.13/ 30.6.13 |
| 2012-13 | എൽഎഫ്എപി3/364/2015/ 30.5.2015 |
| 2013-14,<br>2014-15 | കെ.എസ്.എ-എ.എൽ.പി-ബി.പി-1573/2015 |
| 2015-16 | കെ എസ് എ- എഎൽ പി ബി പി-209/17<br>തീയതി.10.3.17/22.3.17 |
| 2016-17 | കെ എസ് എ- എഎൽ പി ബി പി-1453/17 തീയതി.7.12.17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

# <u>അനുബന്ധം 1</u>

നം. കെ.എസ്.എ-എ.എൽ.പി/പി5-144/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

തീയതി: 08.02.2019

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡികകളിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെങ്ങന്നൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

# അനുബന്ധം 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

.
.
.
.
.
.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ